# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്നല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.14/159/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്നല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.14/159/2023 തീയ്യതി: 08/03/2023

## മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-07-2021 മുതൽ 15-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ സത്താർ. സി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മുഹമ്മദ് സിയാദ്. പി. പി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സലീന കരുമ്പിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ദേവദാസൻ. പി. | സെക്രട്ടറി | 01-04-2021 | 01-12-2021 |
| ശ്രീ. ദീപുരാജ്. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2021 | 02-01-2022 |
| ശ്രീ. ബിനു. എസ്. ഐ. | സെക്രട്ടറി | 03-01-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റീജ. കെ. പി. | അസി. എഞ്ചിനീയർ | 01-04-2021 | 09-08-2021 |
| ശ്രീ. നിഖിൽ ജെ. കുമാർ (അധിക ചുമതല ) | അസി.എഞ്ചിനീയർ | 09-08-2021 | 30-11-2021 |
| ശ്രീ. സജു. എ. | അസി.എഞ്ചിനീയർ (എംപ്ലോയ്മെന്റ്) | 01-12-2021 | 31-03-2022 |
| ശ്രീമതി. ഹസീനാബി. കെ. | വി.ഇ.ഒ (തെന്നല സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഹസീനാബി. കെ. (പൂർണ്ണ ചുമതല) | വി.ഇ.ഒ (വാളക്കുളം സർക്കിൾ) | 01-04-2021 | 12-09-2021 |
| ശ്രീ. ജോയ്. എം. ജെ. | വി.ഇ.ഒ (വാളക്കുളം സർക്കിൾ) | 13-09-2021 | 31-03-2022 |
| ശ്രീമതി ഷഫ്ന കളരിക്കൽ | കൃഷി ഓഫീസർ | 01-04-2021 | 16-06-2021 |
| ശ്രീ. ജംഷീദ്. കെ. | കൃഷി ഓഫീസർ | 17-06-2021 | 08-11-2021 |
| ശ്രീ. സംഷീർ. എം. | കൃഷി ഓഫീസർ | 09-11-2021 | 31-03-2022 |
| ഡോ. സുശാന്ത്. വി. എസ്. | വെറ്ററിനറി സർജൻ | 01-04-2021 | 26-11-2021 |
| ഡോ. സക്കീർ ഹുസ്സൈൻ. കെ. എം. | വെറ്ററിനറി സർജൻ | 27-11-2021 | 31-03-2022 |
| ശ്രീമതി. നസീമ. കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിസ്ന. വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (ഇൻ-ചാർജ്) | 01-04-2021 | 31-03-2022 |
| ഡോ. മുഹമ്മദ് സഹീർ. സി. പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. സന്ധ്യ. സി. വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. സീമ. കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 26-05-2021 |
| ഡോ. സുമി. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 27-05-2021 | 31-03-2022 |
| ശ്രീമതി. പുഷ്പ. എ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 20-11-2021 |
| ശ്രീമതി. ജിഷ.പി. ജി. (അധിക ചുമതല) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-11-2021 | 24-11-2021 |
| ശ്രീമതി. ജയശ്രീ. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ധനകാര്യ വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-11 |
| 12 | പൊതുമരാമത്ത് പ്രവർത്തികൾ - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-12 |
| 13 | ഭിന്നശേഷി സ്കോളർഷിപ്പ്- അപാകതകൾ. | 1-13 |
| 14 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ. | 1-14 |
| 15 | ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു. | 1-15 |
| 16 | മുൻകൂർ നൽകിയിട്ടും 96,108/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-16 |
| 17 | പി.എച്ച്.സി - മുൻകൂർ നൽകിയിട്ടും പ്രിന്റർ ലഭ്യമായില്ല | 1-17 |
| 18 | ഡയാലിസിസിന് ധനസഹായം - തുക വിനിയോഗിക്കാനായില്ല | 1-18 |
| 19 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 21 | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല | 1-21 |
| 22 | മഴക്കാലപൂർവ്വ ശുചീകരണം:തൊഴിലാളികൾക്ക് തുക നല്കിയതിന്റെ വിവരം ലഭ്യമല്ല | 1-22 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2021-22ലെ ബജറ്റ് പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/04.03.2021 | 1 (2)/17.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| 2021-22 വാർഷിക ധനകാര്യപത്രിക പരിശോധനയ്ക്കായി ലഭിക്കേണ്ട തീയതി | 2021-22 വാർഷിക ധനകാര്യപത്രിക പരിശോധനയ്ക്കായി ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.05.2022 |

### 1-3 ധനകാര്യ വിശകലനം

| ഇനം | തുക(₹) |
|---|---|
| മുന്നിരിപ്പ് | 1,70,33,166 |
| വരവ് | 6,73,53,009 |
| ആകെ | 8,43,86,175 |
| ചെലവ് | 5,81,54,452 |
| നീക്കിയിരിപ്പ് | 2,62,31,723 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് തുക (₹) | ആകെ തുക (₹) | ചെലവ് തുക (₹) | നീക്കിബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,48,87,515 | 1,48,87,515 | 1,46,95,275 | 1,92,240 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 17,01,200 | 17,01,200 | 15,58,000 | 1,43,200 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 79,07,294 | 79,07,294 | 60,37,610 | 18,69,684 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 51,03,414 | 51,03,414 | 37,83,938 | 13,19,476 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 82,56,872 | 82,56,872 | 7,30,854 | 75,26,018 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 34,64,897 | 34,64,897 | 25,53,563 | 9,11,334 |
| ബി ഫണ്ട് | 0 | 5,17,49,100 | 5,17,49,100 | 5,17,49,100 | 0 |

കുറിപ്പ്

വികസന ഫണ്ട് (ജനറൽ) ഇനത്തിലെ ചെലവ് എ.സി.ആർ പ്രകാരം 1,46,95,275/- രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 1,50,34,600/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 6,98,34,479 | 136 | 4,21,47,578 | - | 51 | 72.7 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6,418 | 2,70,757 | 2,77,175 | 2,74,284 | 2,891 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 54,70,441 | 54,70,441 | 54,70,441 | - |

കുറിപ്പ്

തൊഴിലുറപ്പ് പദ്ധതി സെക്ഷനിൽ നിന്നും ലഭ്യമാക്കിയ കണക്കിലെയും വാർഷിക കണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10,08,000 | 63 |
| വിധവാപെൻഷൻ | 1,46,71,100 | 938 |
| വാർദ്ധക്യകാലപെൻഷൻ | 2,96,03,500 | 1901 |
| വികലാംഗപെൻഷൻ | 61,29,900 | 400 |
| വിവാഹധനസഹായം | 1,20,000 | 4 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,16,600 | 16 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2023ന് 3:25 പി.എം. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധന സമയത്ത് ക്യാഷ്ബുക്ക് പ്രകാരമുള്ള തുക 19,292/- ആയിരുന്നെങ്കിലും ക്യാഷ് ചെസ്റ്റിൽ കാണപ്പെട്ടത് 19,324/- രൂപയാണ്. അധികമായി കാണപ്പെട്ട 32 രൂപ ഫ്രണ്ട് ഓഫീസ് സ്റ്റാഫ് ചില്ലറ നൽകുന്നതിനായി സ്വന്തം കയ്യിൽ നിന്നും എടുത്ത് ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചതാണെന്ന് സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഇതൊരു സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്.

3. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

4. ഭരണസമിതി തീരുമാനം നടപ്പിൽ വരുത്തുന്നതിലെ പുരോഗതി സംബന്ധിച്ച അവലോകനം തുടർ യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

5. 2022 ഏപ്രിൽ മുതലുള്ള പ്രതിമാസ ബാങ്ക് റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ആയത് കാലികമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2022 | 06/2022 മുതൽ 09/2022 വരെ | 17.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2009 - 21.11.2009 | 2004-05 - 2008-09 | 25.02.2017 |

## 1-11 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2. വികസന ഫണ്ട് ജനറൽ ഇനത്തിൽ 2021-22 വർഷത്തെ ചെലവ് തുക ACR പ്രകാരം 1,46,95,275/- രൂപയും AFS - RP7 ഷെഡ്യൂൾ പ്രകാരം 1,46,40,400/- രൂപയുമാണ്.

3. Central Finance Commission Grant ഇനങ്ങളിൽ 2021-22 വർഷത്തെ വരവ് തുക ACR, AFS എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഫണ്ട് ശീർഷകം | ACR പ്രകാരം (₹) | AFS പ്രകാരം (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | Central Finance Commission Grant - Tied | 82,56,872 | 44,20,000 | RP-31 |
| 2 | Central Finance Commission Grant - UnTied | 34,64,897 | 29,99,503 | |
| 3 | Development Fund - Central Finance Commission Grant | - | 4,13,467 | RP-7 |
| 4 | Development Fund - CFC Performance Grant | - | 2,50,986 | |
| | ആകെ | 1,17,21,769 | 8083956 | |

4. വസ്തുനികുതിയിനത്തിൽ താഴെപ്പറയുന്ന വരവിനങ്ങളുടെ സഞ്ചയ DCB പ്രകാരമുള്ള തുകയും AFS പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഇനം | AFS പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | Demand (I-1 For Current, B-15 Of Previous Year BS For Arrear) | Collection (RP-43) | Balance (B-15) | Demand | Collection | Balance |
| 1 | Property Tax - Residential Buildings (Current) | 23,65,332 | 21,70,587 | 1,73,587 | 23,65,332 | 21,97,484 | 1,68,041 |
| 2 | Property Tax - Residential Buildings (Arrear) | 3,78,368 | 3,38,068 | 42,517 | 3,79,618 | 3,43,098 | 37,260 |
| 3 | Property Tax - Non Residential Buildings (Current) | 12,35,590 | 11,02,867 | 1,37,219 | 12,35,590 | 11,02,743 | 1,32,875 |
| 4 | Property Tax - Non Residential Buildings (Arrear) | 54,875 | 53,999 | 1,235 | 54,117 | 53,051 | 1,164 |

കൂടാതെ, സഞ്ചയ DCBയിലെ ഡിമാന്റ്-കളക്ഷൻ തുകകളുടെ വ്യത്യാസവും (അഡ്വാൻസ് കളക്ഷൻ ക്രമീകരിച്ചതിന് ശേഷം) ബാലൻസ് തുകയും പൊരുത്തപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. സ്വീകരിച്ച നിക്ഷേപങ്ങൾ സംബന്ധിച്ച് 2021-22 വർഷത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളും AFS പ്രകാരമുള്ള തുകകളും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഇനം | AFS പ്രകാരം | | | | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | | | |
|---|---|---|---|---|---|---|---|---|---|
| | | മുൻബാക്കി (₹) (മുൻവർഷ B-7) | സ്വീകരിച്ചത് (₹) (RP-34) | തിരിച്ച് നൽകിയത് (₹) (RP-34) | നീക്കിബാക്കി (₹) (B-7) | മുൻബാക്കി (₹) | സ്വീകരിച്ചത് (₹) | തിരിച്ച് നൽകിയത് (₹) | നീക്കിബാക്കി (₹) |
| 1 | Contarctor's EMD | 9,875 | 28,780 | 25,875 | 12,780 | 9,875 | 12,780 | 9,875 | 12,780 |
| 2 | Bidder's EMD | 7,500 | 1,000 | 0 | 8,500 | 7,500 | 0 | 0 | 7,500 |
| 3 | Contractor's Security Deposit | 1,10,799 | 0 | 17,875 | 92,924 | 94,799 | 0 | 1,875 | 92,924 |

7. Election Deposit വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8. Other Deposits ഇനത്തിൽ ബാക്കി നിൽക്കുന്ന 598/- രൂപ ഗ്രൗണ്ട് ഉപയോഗത്തിനായി 27.08.2014 തീയ്യതിയിലെ 11402102241 നമ്പർ രസീത് ഉപയോഗിച്ച് സ്വീകരിച്ച തുകയിൽ നിന്നും വിനോദനികുതി കിഴിച്ചുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് ഭാഗം 1ലെ അനുച്ഛേദം 282 പ്രകാരം 3 വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യിട്ടില്ലാത്ത ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടതായി കണക്കാക്കി മുതൽക്കൂട്ടേണ്ടതാണ്.

9. നിക്ഷേപ പ്രവൃത്തികൾക്കായി KSEBയ്ക്ക് നൽകിയ തുക സംബന്ധിച്ച് 2021-22 വർഷത്തെ തുക AFS പ്രകാരവും രജിസ്റ്റർ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടിയിരുന്ന ഈ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| AFS പ്രകാരം | | | | രജിസ്റ്റർ പ്രകാരം | | | |
|---|---|---|---|---|---|---|---|
| മുൻബാക്കി (₹) (മുൻവർഷ B-18) | നൽകിയത് (₹) (RP-47) | ക്രമീകരിച്ചത് (₹) (RP-47) | നീക്കിബാക്കി (₹) (B-18) | മുൻബാക്കി (₹) | നൽകിയത് (₹) | ക്രമീകരിച്ചത് (₹) | നീക്കിബാക്കി (₹) |
| 66,722 | 15,64,877 | 0 | 16,31,599 | 66,722 | 64,877 | 0 | 1,31,599 |

10. 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് 2,18,41,830.50 രൂപ ആണെങ്കിലും ട്രയൽ ബാലൻസിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ളത് 2,07,55,681.50 രൂപയാണ്.

11. തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് I-6, I-14(a) എന്നീ ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/2021-22, തീയ്യതി 24.01.2023നുള്ള മറുപടി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ച് ലഭ്യമാക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പൊതുമരാമത്ത് പ്രവർത്തികൾ - നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I. പ്രവൃത്തികളുടെ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 95 പ്രൊജക്റ്റുകളാണ് തയ്യാറാക്കിയത്.

ഇതിൽ 64 പ്രൊജക്ടുകളിലായി ആകെ 1,23,03,020/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 95 | ആകെ അടങ്കൽ (₹) | 2,43,02,597 |
| നടപ്പിലാക്കിയത് | 64 | ചെലവ് (₹) | 1,23,03,020 |
| ശതമാനം | 67.36 | ചെലവ് ശതമാനം | 50.62 |

II. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കൽ

പദ്ധതിയുടെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. ആയവ തയ്യാറാക്കിയിട്ടില്ല.

III. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കൽ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള പദ്ധതി തയ്യാറാക്കിയതായി കാണുന്നില്ല.

IV. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

V. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ പ്രൊജക്റ്റ് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

VI. പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ എല്ലാ കരാറുകളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

VII. പി.ഡബ്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

VIII. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

IX. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ ഫയലിൽ വച്ചിട്ടില്ല

X. TS സ്ലിപ്പ് , സെലക്ഷൻ നോട്ടീസ് എന്നിവ ഫയലിൽ വച്ചിട്ടില്ല

XI. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലത്ത് വയ്ക്കുന്നില്ല. എസ്റ്റിമേറ്റിൽ സൈറ്റ് ബോർഡിന് തുക വകയിരുത്തിയിട്ടില്ല.

XII. ക്യാഷ്ബുക്ക് – രേഖപ്പെടുത്തലുകളിലെ അപാകത

ക്യാഷ് ബുക്കിൽ ബാങ്ക്/ട്രഷറി ബാലൻസുകൾ രേഖപ്പെടുത്തുന്നില്ല.

ദിനാന്ത്യ /മാസാന്ത്യ ക്ലോസിംഗ് നടത്തുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/21-22/21.01.2023) ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ വരും വർഷത്തിൽ പരിഹരിക്കുന്നതാണെന്നും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. KSREC യുടെ R Track ആപ്ലിക്കേഷൻ വഴി റോഡുകളുടെ മാപ്പിംഗ് നടന്നു വരുന്നുണ്ടെന്നും ആയത് പൂർത്തിയാകുന്ന മുറക്ക് ആസ്തി രജിസ്റ്റർ കാലികമാകുന്നതാണെന്നും അറിയിച്ചു. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതും മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-13 ഭിന്നശേഷി സ്കോളർഷിപ്പ്- അപാകതകൾ.

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷി സ്കോളർഷിപ്പ് പ്രൊജക്റ്റിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക (₹) | ഫണ്ടിനം |
|---|---|---|
| 1 | 5,29,674 | Plan General |
| 2 | 3,63,375 | BlockShare |
| 3 | 2,94,187 | District Panchayat Share |

പ്രോജക്ടിന്റെ ചെലവു രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) 22/2018/തസ്വഭവ, തിയ്യതി 14.02.2018 ധനസഹായത്തിന് തെരെഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേസ്ഥാപനത്തിന്റെ നോട്ടീസ്ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഇത്തരത്തിൽ ഒരു പട്ടിക പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് 7 ബില്ലുകളിലായാണ് സ്കോളർഷിപ്പ് തുക നൽകിയിട്ടുള്ളത്. ആയതിന്റെ കൺസോളിഡേഷൻ റിപ്പോർട്ട് (ഒരു കുട്ടിക്ക് ആകെ ലഭിച്ച തുക ) ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (2/21-22/19.01.2023) ക്ക് പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത മുഴവൻ ഭിന്നശേഷി വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും ആയത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണെന്നും അറിയിച്ചു. 2021-22വർഷത്തിൽ വിതരണം ചെയ്ത തുകയുടെ സംക്ഷിപ്തം ലഭ്യമാക്കി, എന്നാൽ ഏതു ബിൽ പ്രകാരമാണ് തുക ലഭ്യമായതെന്നത് വിശദമാക്കിയിട്ടില്ല. ഓരോ വിദ്യാർത്ഥിക്കും ഒരോ ബിൽ പ്രകാരം നൽകുന്ന തുക എത്രയാണെന്ന് രേഖപ്പെടുത്തി വരും വർഷങ്ങളിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ.

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പോഷകാഹാര വിതരണ പരിപാടികൾ വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) | ഫണ്ടിനം |
|---|---|---|---|
| 46/22 അനുപൂരക പോഷകാഹാരം സബല ഉൾപ്പെടെ | 34,00,000 | 34,00,000 | വികസന ഫണ്ട് പൊതു വിഭാഗം |
| | 16,00,000 | 16,00,000 | കേന്ദ്രാവിഷ്കൃത ഫണ്ട് |

1. GST നിയമപ്രകാരം GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ സാമ്പത്തിക വർഷത്തിൽ ₹2,50,000/- ൽ അധികമാകുകയാണെങ്കിൽ നിശ്ചിത നിരക്കിൽ GST TDS ഈടാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്തതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ GST TDS കുറവ് വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | നൽകിയ തുക (ടാക്സ് ഒഴികെ) (₹) |
|---|---|---|
| 1 | രാഗശ്രീ ന്യൂട്രിമിക്സ് | 18,96,930 |
| 2 | സഞ്ജീവനി ന്യൂട്രിമിക്സ് യൂണിറ്റ് | 5,11,325 |

2. വിതരണം ചെയ്ത ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവയുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ പരിശോധനാസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല.

4. പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

5. വിതരണം ചെയ്യാത്ത ന്യൂട്രിമിക്സിന് കൂടി പണം നൽകി.

ട്രഷറി ബിൽ നമ്പർ 01/21-22/30.09.2021 പ്രകാരം രാഗശ്രീ ന്യൂട്രിമിക്സിന് വിവിധ ഇൻവോയ്സുകൾ വഴി നൽകിയ ന്യൂട്രിമിക്സിന് ₹9,52,639/- രൂപ നൽകിയിട്ടുണ്ട്. ഇതിലുൾപ്പെടുന്ന ഇൻവോയ്സ് നമ്പർ 238/14.07.2021 പ്രകാരം 2,687 Kg ന്യൂട്രിമിക്സ് വാങ്ങിയതിന് വില നൽകിയെങ്കിലും വിതരണ രജിസ്റ്റർ പേജ് നമ്പർ 3 പ്രകാരം 2,673 Kg വിതരണം ചെയ്തതായാണ് കാണുന്നത്. കുറവുള്ള 14 Kg യുടെ പണം കൂടി നൽകിയതായി കാണുന്നു.

6. ന്യൂട്രിമിക്സ് ടാക്സ് ഉൾപ്പെടെയുള്ള വില പൂർണ്ണമായി നൽകിയില്ല

താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമാക്കിയ, 5% ജി എസ് ടി ചുമത്തപ്പെട്ട ന്യൂട്രിമാം, ഗ്രാവിപ്രോ എന്നിവക്ക് ടാക്സ് ഒഴിവാക്കിയുള്ള തുകയാണ് അനുവദിച്ച് കാണുന്നത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തിയ്യതി | ആകെ ബിൽ തുക (₹) | നൽകിയ തുക (₹) | വ്യത്യാസം (₹) | റിമാർക്സ് | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|---|---|---|
| 1 | 08/01.05.2021 | 1,02,033 | 97,175 | 4,858 | Nutrimam 299 Kg വിതരണം ചെയ്തത് | 06/21-22 /30.09.21 (191750) |
| 2 | 18/05.06.2021 | 99,303 | 94,575 | 4,728 | Nutrimam 291 Kg വിതരണം ചെയ്തത് | |
| 3 | B2C/37 /06.06.2021 | 1,17,495 | 1,11,900 | 5,595 | Gravipro 373 Kg വിതരണം ചെയ്തത് | 07/21-22 /30.09.21 (511325) |
| 4 | 114/06.09.2021 | 83,790 | 79,800 | 3,990 | Gravipro 266 Kg വിതരണം ചെയ്തത് | |
| 5 | 54/5.7.2021 | 2,18,426 | 2,08,025 | 10,401 | Gravipro 376 Kg, Nutrimam 293 Kgവിതരണം ചെയ്തത് | |
| 6 | 76/03.08.2021 | 1,17,180 | 1,11,600 | 5,580 | Gravipro 372 Kg വിതരണം ചെയ്തത് | |

ജി എസ് ടി ഒഴിവാക്കി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ജി എസ് ടി, ടി ഡി എസ് ആയി ഈടാക്കാത്തതിനാൽ ജി എസ് ടി രജിസ്ട്രേഷനുള്ള ടി സ്ഥാപനങ്ങൾ ജി എസ് ടി അടവാക്കിയിട്ടുണ്ടോ എന്നതും ഉറപ്പു വരുത്താനാവുകയില്ല.

ഭക്ഷ്യധാന്യ വിതരണത്തിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/21-22/20.01.2023) അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചു. ക്രമ നമ്പർ 6 പ്രകാരം അധികം നൽകിയ 14 Kg ന്യൂട്രിമിക്സിന്റെ വില നിലവിലെ ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.

1996ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ Bയിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്.
എന്നാൽ ഇതിന് വിരുദ്ധമായി കേരള ഗ്രാമീൺബാങ്ക് തെന്നല ശാഖയിലെ ബാങ്ക് അക്കൗണ്ടിലാണ് 45,00,000/- രൂപയുടെ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്. (196799/01.10.2018, 196868/17.06.2019). ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/2021-22, തീയ്യതി 24.01.2023 പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 മുൻകൂർ നൽകിയിട്ടും 96,108/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് മുൻകൂറായി ₹ 2,25,989 രൂപ നൽകിയിട്ടുണ്ട് . എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ട് | മുൻകൂർ | പ്രഫോർമ ഇൻവോയ്സ് | ബിൽ/തിയ്യതി/ തുക | മരുന്ന് ലഭിച്ചത് | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | 92/22 കിഡ്നി രോഗികൾക്ക് മരുന്നു വാങ്ങൽ | 124418 | 5952/19.02.22 | 15/21-22 /23.02.2022 (124418) | 42575 | 81843 |
| 2 | 13/22 പരിരക്ഷ | 75000 | 5944/19.02.22 | 14/21-22 /23.02.2022 (109820/) | 64483 | 10517 |
| 3 | -ടി- | 26571 | 5011/22.01.22 | 15/ | 22823 | 3748 |
| | ആകെ | 225989 | | | | 96,108 |

അവശേഷിക്കുന്ന 96,108/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 11/21-22/24.01.2023 -ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 1-17 പി.എച്ച്.സി - മുൻകൂർ നൽകിയിട്ടും പ്രിന്റർ ലഭ്യമായില്ല

പ്രോജക്ട് : 20/22 തെന്നല പി.എച്ച്.സി ഫാർമസി എ.സി, ഫ്രിഡ്ജ്, പ്രിന്റർ വാങ്ങൽ
പ്രോജക്ട് നമ്പർ. : 20/22

നിർവ്വഹണം: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.ച്ച്.സി )

ചെലവ് : 93,062/- രൂപ (മെ.ഗ്രാ.: റോഡിതരം)

മേൽ പദ്ധതി പ്രകാരം CPRCS പോർട്ടൽ മുഖേന പ്രിന്റർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ITമിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് 12,959/- രൂപ (ബിൽ നമ്പർ : 18/21-22/24.03.2022) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ

ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങാനും തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. പ്രിന്റർ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 12959 രൂപ തടസ്സം ചെയ്യുന്നു.

( ഓഡിറ്റ് എൻക്വയറി നമ്പർ 12/21-22/24.01.2023 ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-18 ഡയാലിസിസിന് ധനസഹായം - തുക വിനിയോഗിക്കാനായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി)

പ്രോജക്ട് നം : 199/22 – വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം

വൗച്ചർ നമ്പർ : 22100807/21.03.2022 (₹8,000/-) തനത്

മേൽ പ്രോജക്ട് പ്രകാരം തുക ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.06.2022 ലെ ജി3-4014/2021 നമ്പർ കത്ത് പ്രകാരം, സമയബന്ധിതമായി ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാത്തതിനാലും ഡയാലിസിസ് നടത്തുന്ന സ്ഥാപനങ്ങൾ നിശ്ചിതസമയത്ത് കരാർ വെക്കാത്തതിനാലും തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാതിരുന്നതായി അറിയിച്ച ലിസ്റ്റിൽ ക്രമ നമ്പർ 43 ആയി തെന്നല ഗ്രാമ പഞ്ചാത്തിന്റെ ഈ തുകയും ലാപ്സായി പോയതായി കാണിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് ആകെ ലഭിച്ച 90,66,465/- രൂപയിൽ 20,99,000/- രൂപ മാത്രം ചെലവഴിക്കുകയും ബാക്കിയുള്ള 69,67,465/- രൂപ ജില്ലാ ട്രഷറിയിലെ ജില്ലാ പഞ്ചായത്തിന്റെ പേരിലുള്ള JVTSB അക്കൗണ്ടിൽ നിന്ന് സർക്കുലർ നമ്പർ 86/2021/ഫിൻ തിയ്യതി 30.09.2021 പ്രകാരം സർക്കാരിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. തുക ഇപ്രകാരം പാഴാക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 13/21-22/ 24.01.2023 ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-19 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക, സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കുക, ഓരോ പ്രൊജക്ടിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. പ്രോജക്ടുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്.

ജി.ഒ.(എം.എസ്) നം. 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി പേരിന് മാത്രം ഒരു യോഗം ചേർന്നതായാണ് കണ്ടത്. അതുകൊണ്ട് തന്നെ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും ഗ്രാമപഞ്ചായത്തിനു നടപ്പാക്കാൻ സാധിക്കാതെ പോയി. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന് നേതൃത്വം വഹിക്കേണ്ടത് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. ഓരോ പദ്ധതികൾക്കും അംഗീകാരം ലഭിച്ചതിന് ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത്. ഓരോ പ്രോജക്ടുകളുടെയും നിർവ്വഹണം വിലയിരുത്തുകയോ, പുരോഗതി നിരീക്ഷിക്കുകയോ ആയതിന്റെ ഫലപ്രാപ്തി ഉറപ്പ് വരുത്തുകയോ ചെയ്യുന്നത് ഉൾപ്പെടെയുള്ള വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല . 2021-22 സാമ്പത്തിക വർഷം ചേർന്ന വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശകലനം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തിയതി | പങ്കെടുത്തവർ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1. | ആരോഗ്യം | 17.1.22 | 12 | 24 | |
| 2. | പട്ടിക ജാതി | 17.1.22 | 8 | 6 | ക്ലോസ് ചെയ്തിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 3. | ദാരിദ്ര്യ ലഘൂകകരണം | 17.1.22 | 6 | 8 | |
| 4. | ശുചിത്വം,കുടിവെള്ളം | 17.1.22 | 5 | 11 | ക്ലോസ് ചെയ്തിട്ടില്ല |
| 5. | പൊതുമരാമത്ത് | 17.1.22 | 4 | 50 | ക്ലോസ് ചെയ്തിട്ടില്ല |
| 6. | മൃഗസംരക്ഷണവും ക്ഷീരവികസനവും | 17.1.22 | 7 | 11 | ക്ലോസ് ചെയ്തിട്ടില്ല |
| 7. | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 17.1.22 | 10 | 9 | ക്ലോസ് ചെയ്തിട്ടില്ല |
| 8. | സാമൂഹ്യ ക്ഷേമം | 17.1.22 | 11 | 9 | ക്ലോസ് ചെയ്തിട്ടില്ല |
| 9. | കൃഷിയും അനുബന്ധമേഖലയും | 17.1.22 | 8 | 17 | ക്ലോസ് ചെയ്തിട്ടില്ല |
| 10. | കണക്കുകൾ രേഖകൾ തയ്യാറാക്കൽ,ജന സേവനം കാര്യക്ഷമമാക്കൽ | 17.1.22 | 9 | 15 | ക്ലോസ് ചെയ്തിട്ടില്ല |
| 11. | പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം | 17.1.22 | 6 | 4 | ക്ലോസ് ചെയ്തിട്ടില്ല |
| 12. | പ്രാദേശിക സാമ്പത്തിക വികസനം | 17.1.22 | 5 | 3 | ക്ലോസ് ചെയ്തിട്ടില്ല |
| 13. | വിദ്യാഭ്യാസം | - | - | - | തിയതി ലഭ്യമല്ല |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.06/21-01-2023 ന ലഭ്യമാക്കിയ മറുപടിയിൽ മിനട്സുകൾ ക്ലോസ് ചെയ്തതായി അറിയിച്ചു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ ചെലവുകൾ പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് പേര്/നമ്പർ/ഫണ്ട് | തുക (₹) | വൗച്ചർ/ബിൽ നമ്പർ, തിയതി |
|---|---|---|---|
| 1 | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് വലിക്കൽ 123/22 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 15,00,000 | 22100790/10.03.2022 |
| 2 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ 197/22 (തനത് ഫണ്ട്). | 64,877 | 22100822/25.03.2022 |
| 3 | മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിനു RGSA വിഹിതം അടവാക്കൽ 272/22 (വികസനഫണ്ട്) | 2,65,000 | 27/18.02.2022 |
| | ആകെ | 18,29,877 | |

വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.05/21-01-2023ന മറുപടി ലഭ്യമായിട്ടില്ല. 18,29,877/- രൂപ തടസത്തിൽ വെക്കുന്നു.

## 1-21 അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല

അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ തൊഴിലുറപ്പ് ജീവനക്കാരുടെ (MGNREGS) ശമ്പള ഇനത്തിൽ 31.03.2022 ന് 4,13,093/- ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മേൽ തുക നൽകിയതിന്റെ വിവരങ്ങൾ

അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാലതു ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

കൂടാതെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 3,000/- രൂപയും ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിന്റെയോ ക്രമീകരിച്ചതിന്റെറയോ വിവരങ്ങൾ ഒന്നും തന്നെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലം മാറിപ്പോയ ജീവനക്കാരുടെ സംഗതികളിൽ ക്രമീകരിക്കാനുള്ള തുക ലാസ്റ്റ് പേ സർട്ടിഫിക്കറ്റിൽ കാണിച്ച് വിടുതൽ ചെയ്യുന്ന നടപടിക്രമം പാലിച്ച് വരുന്നുണ്ടോ എന്നതും വ്യക്തമല്ല.
മേൽ തുകകൾ പിന്നീട് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/23.01.2023 ന ലഭ്യമാക്കിയ മറുപടിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ 3000 രൂപ മുൻവർഷങ്ങളിലെ കണക്കിൽ ഉൾപ്പെട്ടതാണെന്നും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. മുൻകുറുകൾ ക്രമീകരിക്കേണ്ടതാണ്.

### 1-22 മഴക്കാലപൂർവ്വ ശുചീകരണം:തൊഴിലാളികൾക്ക് തുക നല്കിയതിന്റെ വിവരം ലഭ്യമല്ല

വൗച്ചർ നമ്പർ 22100370, തീയതി 18.09.2021 പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ശുചിത്വ മിഷനിൽ നിന്നുള്ള 1,70,000/- രൂപ (17 വാർഡിന് 10,000/- രൂപ വീതം) മെഡിക്കൽ ഓഫീസർ പി.എച്ച്.സിക്കു കൈമാറിയിരുന്നു. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വാർഡ് 6, 15, 16 എന്നിവയിലെ വിവിധ പ്രവർത്തികൾ നടപ്പാക്കിയ മസ്റ്റർ റോൾ ഹാജരാക്കിയെങ്കിലും പ്രസ്തുത ജോലികൾ ചെയ്ത തൊഴിലാളികൾക്ക് വേതനം കൈമാറിയതിന്റെ രസീതോ തുക കൈമാറിയതിന്റെ മറ്റു വിശദാംശമോ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിശദീകരണ പ്രകാരം മേൽ തുക വാർഡ് മെമ്പർക്ക് കൈമാറിയതായാണ് ഓഡിറ്റിന് ലഭ്യമായിട്ടുള്ള വിവരം. തുക നൽകിയതിന്റെ രേഖകൾ/അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/23.01.2023 ന മറുപടി ലഭ്യമായിട്ടില്ല. തൊഴിലാളികൾക്ക് തുക കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 2021-2022 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രൊജക്ട് നമ്പറും പേരും | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 9,00,000 | 43/22 - ലൈഫ് മിഷൻ ഭവന പദ്ധതി - എസ്.സി | 9,00,000 | 0 |
| | 2,94,187 | 49/22 - ശാരീരിക മാനസിക | 2,94,187 | 0 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും 18 വയസ്സിന് താഴെയുള്ള കിടപ്പിലായ കുട്ടികൾക്ക് ബത്തയും | | |
| ബ്ലോക്ക് പഞ്ചായത്ത് | 5,40,000 | 29/22 - സമഗ്രനെൽകൃഷി വികസനം | 5,40,000 | 0 |
| | 6,20,000 | 39/22 - ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ | 6,20,000 | 0 |
| | 8,00,000 | 43/22 - ലൈഫ് മിഷൻ ഭവന പദ്ധതി - എസ്.സി | 8,00,000 | 0 |
| | 3,63,375 | 49/22 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും 18 വയസ്സിന് താഴെയുള്ള കിടപ്പിലായ കുട്ടികൾക്ക് ബത്തയും | 3,63,375 | 0 |
| | 1,60,000 | 113/22 - ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികജാതി (സ്പിൽ ഓവർ) | 1,60,000 | 0 |
| | 3,80,162 | 129/22 - കണ്ടംചിന - വാരിയത്ത്പാറ റോഡ് മെയിന്റനൻസ് | 3,80,162 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ തീയ്യതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | KSEB | 123/22 – വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 22100790/ 10.03.2022 | 15,00,000 | UC ലഭ്യമാക്കിയിട്ടില്ല | 15,00,000 |
| 2 | | 197/22 – ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ | 22100822/ 25.03.2022 | 64,877 | UC ലഭ്യമാക്കിയിട്ടില്ല | 64,877 |
| | | ആകെ | | 15,64,877 | - | 15,64,877 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹) | 50,11,732 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 2,99,291 |
| ആകെ (₹) | 53,11,023 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 53,11,023 |

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം. |
|---|---|---|
| ഫിക്സഡ് ഡെപ്പോസിറ്റ് – കേരള ഗ്രാമീൺ ബാങ്ക്, തെന്നല ബ്രാഞ്ച് | 24,47,124 | 196799/01.10.2018 |
| ഫിക്സഡ് ഡെപ്പോസിറ്റ് – കേരള ഗ്രാമീൺ ബാങ്ക്, തെന്നല ബ്രാഞ്ച് | 28,60,899 | 196868/17.06.2019 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ഷെയർ സർട്ടിഫിക്കറ്റ് | 3,000 | 1322/27.07.1977 |
| ആകെ | 53,11,023 | |

കുറിപ്പ്

സ്ഥിരനിക്ഷേപങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5-2 | (അദ്ധ്യായം 9-5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും - പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|

| | വർഷം | | | സർട്ടിഫിക്കറ്റ് നമ്പർ, | | | |
|---|---|---|---|---|---|---|---|
| 1 | 2007-08 | 3(15) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/spl.cell /SC/D1/12 Dtd 16.02.2015 | 8,838 | 8,838 | അടവാക്കിയ വിവരം ലഭ്യമല്ല |
| 2 | 2007-08 | 3(16) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/spl.cell /SC/D1/12 Dtd 16.02.2015 | 1,44,625 | 1,44,625 | അടവാക്കിയ വിവരം ലഭ്യമല്ല |
| 3 | 2003-04 | 3-(12), 3-(13)(1), 3(13)(2), 3(14)(2), 3(15) | ശ്രീ സി ജെ വർഗ്ഗീസ് , സെക്രട്ടറി | LF4520/spl.cell /sc5/09 Dt. 02.05.12 | 28,255 | 28,255 | Rt. 11065/28/ 14.08.12 പ്രകാരം തിരിച്ചടച്ചു |
| 4 | 2008-09 2010-11 | 3-12 | ശ്രീ. ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell /C-SC/D1/13 Dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | | തുക (₹) |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,73,53,009 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,81,54,452 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,42,836 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 12,959 | ഡോ. മുഹമ്മദ് സഹീർ.സി.പി, മെഡിക്കൽ ഓഫീസർ (PHC) |
| 1-20 | 18,29,877 | ശ്രീ. ബിനു. എസ്. ഐ, സെക്രട്ടറി |
| ആകെ | 18,42,836 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.എം.9/507/87, 31.10.89 | 10 |
| 1978-79 | എൽ.എഫ്.എം.9/513/87, 31.10.89 | 3 |
| 1980-81 | എൽ.എഫ്.എം.9/515/87, 31.10.89 | 1 |
| 1982-83 | എൽ.എഫ്.എം.9/956/87, 31.10.89 | 4 |
| 1984-85 | എൽ.എഫ്.എം.9/39/89, 01.03.89 | 28 |
| 1985-86 | എൽ.എഫ്.എം.9/1054/91, 22.11.91 | 2 |
| 1986-87 | എൽ.എഫ്.എം.9/27/92, 20.06.92 | 11 |
| 1987-88, 1988-89 | കെ.എസ്.എ.എം.പി.എം.14/1279/18, 13.12.21 | 2 |
| 1996-97 | കെ.എസ്.എ.എം.പി.എം.14/2141/2022(4), 31.10.22 | 1 |
| 1.7.1998 മുതൽ 31.3.2001 വരെ പ്ലാൻ | എൽ.എഫ്.എം.13/884/04, 21.10.04 | 39 |
| 1997-98 (വരവ്) | എൽ.എഫ്.എം.10/2081/06, 10.04.07 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.എം.15/449/99, 31.01.05 | 28 |
| 1998-99 (പ്ലാൻ ഒഴികെ) | കെ.എസ്.എ.എം.പി.എം.14/2141/2022(5), 31.10.22 | 3 |
| 1999-00 (പ്ലാൻ ഒഴികെ) | കെ.എസ്.എ.എം.പി.എം.14/1579/2019, 13.12.21 | 2 |
| 2000-01 (പ്ലാൻ ഒഴികെ) | കെ.എസ്.എ.എം.പി.എം.14/1432/2018, 13.12.21 | 4 |
| 2001-02 | എൽ.എഫ്.എം.10/2343/07, 15.12.08 | 6 |
| 2002-03 | എൽ.എഫ്.എം.10/232/18, 27.01.18 | 6 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/2141/2022(6), 31.10.22 | 4 |
| 2004-05 | എൽ.എഫ്.എം.10/1322/08, 13.01.09 | 11 |
| 2005-06 | എൽ.എഫ്.എം.10/1735/09, 18.01.10 | 9 |
| 2006-07 | കെ.എസ്.എ.എം.പി.എം.14/2141/2022(7), 31.10.22 | 18 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.എം.പി.എം.14/2141/2022(8), 16.12.22 | 16 |
| 2008-09 | കെ.എസ്.എ.എം.പി.എം.14/2141/2022(9), 31.10.22 | 2 |
| 2009-10, 2010-11 | എൽ.എഫ്.എം.14/896/13, 31.10.13 | 16 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.14/2141/2022(10), 31.10.22 | 3 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/2141/2022(11), 31.10.22 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.14/27/2016, 19.6.18 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം.14/1811/2017, 21.07.18 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം.14/2431/, 22.02.19 | 13 |
| 2018-19 | കെ.എസ്.എ.എം.പി.എം.14/58/20, 05.05.20 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം.14/1236/2021, 09.05.22 | 22 |
| 2020-21 | കെ.എസ്.എ.എം.പി.എം.14/1237/2021, 09.05.22 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്